(സി) ഇതിൽ, ചെമ്പ്കടവ് I & II, ഉറുമി I & II, വഴിക്കടവ് ഡൈവേർഷൻ, വടക്കേപുഴ ഡൈവേർഷൻ എന്നിവ കമ്മീഷൻ ചെയ്തതുവഴി സ്ഥാപിതശേഷിയിൽ 12.60 മെഗാവാട്ടിന്റെയും, ഉൽപാദനശേഷിയിൽ 67.51 ദശലക്ഷം യൂണിറ്റിന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതുകൂടാതെ കുറ്റ്യാടി ആഗ്മെന്റേഷൻ ഭാഗികമായി കമ്മീഷൻ ചെയ്തതു വഴി ഉൽപ്പാദനശേഷിയിൽ 223 ദശലക്ഷം യൂണിറ്റിന്റെ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(ഡി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ നടപടി

2 [1899] ശ്രീ. എം. പി. ഗംഗാധരൻ:
,, സി. പി. മുഹമ്മദ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. പി. ടി. തോമസ്:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പ്രതിദിനം ജലവൈദ്യുത പദ്ധതികളിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുന്നു;

(ബി) പ്രതിദിനം എത്ര താപവൈദ്യുതി സംസ്ഥാനം വിലയ്ക്ക് വാങ്ങുന്നു;

(സി) പ്രതിദിനം ഉപയോഗിക്കുന്ന താപ വൈദ്യുതിയുടെയും ജലവൈദ്യുതിയുടെയും അനുപാതം എത്രയാണ്;

(ഡി) താപ വൈദ്യുതിയുടെയും ജലവൈദ്യുതിയുടെയും വില യൂണിറ്റ് ഒന്നിന് എത്രയാണ്;

(ഇ) ജലവൈദ്യുതിയുടെ അനുപാതം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) ഈ നടപടികൾ പ്രാവർത്തികമാകുമ്പോൾ ജലവൈദ്യുതിയുടെയും താപ വൈദ്യുതിയുടെയും അനുപാതം എത്രയായിരിക്കുമെന്ന് വിശദമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജലവൈദ്യുത പദ്ധതികളിൽ നിന്നും പ്രതിദിനം ശരാശരി 15.690 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്.

(ബി) പ്രതിദിനം ശരാശരി 19.8977 മില്ല്യൺ യൂണിറ്റ് താപവൈദ്യുതി സംസ്ഥാനം വിലയ്ക്കുവാങ്ങുന്നുണ്ട്.

(സി) പ്രതിദിനം ഉപയോഗിക്കുന്ന താപവൈദ്യുതിയുടെയും ജലവൈദ്യുതിയുടെയും അനുപാതം 57.70 : 42.30.

(ഡി) ഒരു യൂണിറ്റ് ജലവൈദ്യുതിക്ക് ശരാശരി 30 പൈസ വില വരുന്നു.

വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന താപവൈദ്യുതിയുടെ വില നിലയത്തിൽ ഉപയോഗിക്കുന്ന ഇന്ധനത്തേയും നിലയത്തിന്റെ നിർമ്മാണച്ചെലവിനെയും ആശ്രയിച്ച് വ്യത്യസ്തമാണ്. വിവിധ നിലയങ്ങളിൽ നിന്ന് ഇപ്പോൾ ലഭ്യമാകുന്ന വൈദ്യുതിയുടെ വില, നിലയം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു. †

(ഇ) ജലവൈദ്യുതിയുടെ അനുപാതം വർദ്ധിപ്പിക്കുവാൻ വേണ്ടി വിവിധ ജല വൈദ്യുത പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. പ്രതിവർഷം 6787 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കുവാനുള്ള ശേഷി ഇപ്പോൾ നിലവിലുണ്ട്. വിവിധ പദ്ധതികളിലൂടെ 2006-07 അവസാന കാലമാകുമ്പോഴേയ്ക്കും 783 മില്ല്യൺ യൂണിറ്റ് വൈദ്യുതി കൂടി ഉൽപാദിപ്പിക്കുവാൻ സാധിക്കും എന്നു പ്രതീക്ഷിക്കുന്നു.

(എഫ്) കഴിഞ്ഞ വർഷത്തെ ആകെ ഉപഭോഗം 12455 മില്ല്യൺ യൂണിറ്റായിരുന്നു. പ്രതിവർഷ ഉപഭോഗം 7% കണ്ട് വർദ്ധിച്ചാൽ 2006-07 ആകുമ്പോഴേക്കും ആകെ ഉപഭോഗം 15267 മില്ല്യൺ യൂണിറ്റായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഉത്തരം 'ഇ'യിൽ സൂചിപ്പിച്ച പ്രകാരം പദ്ധതികൾ പ്രാബല്യത്തിൽ വന്നാൽ സംസ്ഥാനത്തെ ആകെ ജലവൈദ്യുത ഉൽപാദനശേഷി 7570 മില്ല്യൺ യൂണിറ്റായി വർദ്ധിക്കും.

ഇതിൻപ്രകാരം ബാക്കി ആവശ്യകതയായ 7687 മില്ല്യൺ യൂണിറ്റ് വൈദ്യുതിക്ക് താപ നിലയങ്ങളെ ആശ്രയിക്കേണ്ടിവരും. ഇങ്ങനെ കണക്കാക്കുമ്പോൾ ജലവൈദ്യുതിയുടെയും താപവൈദ്യുതിയുടെയും അനുപാതം 49.5 : 50.5 ആയിരിക്കും.

വർഷംപ്രതി ലഭിക്കുന്ന കാലവർഷത്തിന്റെ അളവിലുള്ള വ്യതിയാനം ജലവൈദ്യുതിയുടെയും താപവൈദ്യുതിയുടെയും അനുപാതത്തെ സാരമായി ബാധിക്കും.

† അനുബന്ധം 1(A)

LIBRARY ARCHIVES Kerala Legislative Assembly